# മോക്ക് ഡ്രിൽ?

**കൊച്ചിയിൽ** ഭീകരാക്രമണമുണ്ടാവുമെന്ന് കേന്ദ്ര ആഭ്യന്തര സെക്രട്ടറി ജി.കെ പിള്ള മുന്നറിയിപ്പ് നൽകിയത് 'ഇന്ത്യൻ മുജാഹിദീൻ' എന്ന സംഘടനയുടെ ബാനറിൽ പ്രവർത്തിക്കുന്ന ആരെയോ അറസ്റ്റ് ചെയ്തതിനെ തുടർന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. കൊച്ചിയെ ആക്രമിക്കും എന്നതിനേക്കാളുപരി മട്ടാഞ്ചേരിയിലെ ജൂതപ്പള്ളിയെ ആക്രമിക്കും എന്ന മട്ടിലാണ് ഈ മുന്നറിയിപ്പ് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. മാധ്യമങ്ങളിൽ ഒരു വാർത്തയും ഇല്ലാതിരിക്കുമ്പോൾ പ്രത്യക്ഷപ്പെടാറുള്ള ഈ 'റൂമർ സ്പ്രെഡിംഗ് സൊസൈറ്റി' (ആർ.എസ്.എസ്) വക പതിവ് മുന്നറിയിപ്പ് അന്താരാഷ്ട്ര സംഭവമായാണ് മാറിയത്. ജൂതന്മാരുടെ നിയന്ത്രണത്തിലുള്ള വാർത്താ വിതരണ ഏജൻസികളായ *റോയിട്ടേഴ്സി*നും *അസോസിയേറ്റഡ് പ്രസി*നും നന്ദി. ഇസ്രയേലിലെ പത്രങ്ങളിലും പിള്ളയുടെ പരാമർശം വൻപ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടു. കൊച്ചിയിലെ തെരുവുകളിൽ കമാന്റോ വിഭാഗങ്ങളുടെ 'മോക്ക് ഡ്രിൽ' അരങ്ങേറി. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് പോകുന്നവരുടെയും വരുന്നവരുടെയും ലഗേജുകൾ അരിച്ചു പെറുക്കിയും നഗരത്തിലേക്ക് കടക്കുന്ന വാഹനങ്ങളിലെ യാത്രക്കാരെ സൂക്ഷ്മ പരിശോധനക്കു വിധേയമാക്കിയും ടെലിവിഷൻ ചാനലുകളുടെ മുമ്പാകെ നടന്ന രണ്ടു ദിവസത്തെ ആഘോഷം. ഭീകരാക്രമണങ്ങളുടെ 'ഉസാഘു' ഒന്നോർത്തു നോക്കിയാൽ ഈ പരിശോധനയും മോക്ക് ഡ്രില്ലുമൊക്കെ ഇത്രപെട്ടെന്ന് അവസാനിപ്പിക്കുന്നതിൽ ഒരു അർഥവുമുണ്ടായിരുന്നില്ല. യഥാർഥ ആക്രമണകാരികളെ പിടികൂടുന്നതുവരെ ദിവസവും ഈ വക അഭ്യാസങ്ങൾ തുടരുക തന്നെ വേണമായിരുന്നു.

ഇന്ത്യൻ മുജാഹിദീൻ എന്ന 'സംഘടന'യെ ജി.കെ പിള്ളയുടെ പദവിയിലുള്ള ഒരാൾ വീണ്ടും ചർച്ചകളിലേക്ക് കൊണ്ടുവരുന്നതാണ് ദുരൂഹമാവുന്നത്. സംഘടനയുടെ തായ്വേരുകൾ അറുത്തതായി സിറ്റി പോലീസ് കമീഷണർ രാകേഷ് മരിയ നേരിട്ടാണ് കഴിഞ്ഞ വർഷം വാർത്താ ലേഖകരോടു പറഞ്ഞത്. അതുകൊണ്ടു തന്നെ പൂനെയിലെ ജർമൻ ബേക്കറി സ്ഫോടനത്തിൽ ഇന്ത്യൻ മുജാഹിദീന് പങ്കുണ്ടോ എന്ന ചോദ്യത്തിന് കൃത്യമായ മറുപടി പറയാൻ മരിയ മടി കാണിക്കുകയും ചെയ്തു. രഘുവംശിയായിരുന്നു അന്ന് ഇന്ത്യൻ മുജാഹിദീനെ ചർച്ചയിലേക്കു കൊണ്ടുവരാൻ മെനക്കെട്ടത്. കുറെ ദിവസം രഘുവംശി മാത്രം ഇത് പറഞ്ഞു നടക്കുകയും ഇടക്കും തലക്കും ചില 'മുജാഹിദീനുകളെ' പിടികൂടി സംഭവം ഒന്നു കൊഴുപ്പിച്ചെടുക്കാൻ അധ്വാനിക്കുകയും ചെയ്തെങ്കിലും കേസ് ഗുണം പിടിച്ചില്ല. ചില കേസുകൾ അങ്ങനെയാണ്. അതിലെ പ്രതികളെ കുറിച്ച അന്വേഷണങ്ങൾ തനിയെ അവസാനിക്കും. സംഝോത എക്സ്പ്രസ് സ്ഫോടനക്കേസും ഹൈദരാബാദ് ഇരട്ട സ്ഫോടനങ്ങളും ഉദാഹരണം. പക്ഷേ പിള്ളയുടെ പ്രസ്താ

വനയെ രഘുവംശി എളുപ്പത്തിൽ വിട്ടുകളയുകയല്ല ചെയ്തത്. പ്രസ്താവനയുടെ മൂന്നാംപക്കം തന്നെ കിട്ടി മുംബൈയിൽ നിന്നും മൂന്നു 'കഴുതപ്പുലി'കളെ. ഏതോ ഒരു 'അങ്കിൾ നിർദേശിച്ച' പ്രകാരം ഒ.എൻ.ജി.സി അടക്കമുള്ള മുംബൈയിലെ മൂന്നു സ്ഥാപനങ്ങൾക്കു നേരെ ബോംബുകളുമായി പുറപ്പെട്ട 'ഇന്ത്യൻ മുജാഹിദീൻ ഭീകരരെ'യായിരുന്നു രഘുവംശി പാതിവഴിയിൽ അറസ്റ്റ് ചെയ്തത്. പാകിസ്താനിലേക്കു പോകാനുള്ള തയാറെടുപ്പിന്റെ മുന്നോടിയായി അവർ പാസ്പോർട്ടിനും അപേക്ഷിച്ചിരുന്നുവത്രെ! വിശ്വസിക്കുകയല്ലാതെ നിവൃത്തിയില്ല. ഭീകരർക്കിടയിലെ ആചാരമനുസരിച്ച് മുംബൈ നഗരത്തിന്റെ മാപ്പുകൾ ഇവരിൽ നിന്നും തൊണ്ടിയായി കണ്ടെടുത്തു. പക്ഷേ ഈ യുവാക്കളുടെ എല്ലാ നീക്കങ്ങളും കൃത്യമായി അറിയാൻ ഇന്റലിജൻസിന് കഴിഞ്ഞിട്ടും അങ്കിളും മൗലാനയുമൊക്കെയായി അവരെ ജിഹാദ് പഠിപ്പിച്ചവരെ എന്തുകൊണ്ടാണാവോ അറസ്റ്റ് ചെയ്യാനാവാത്തത്? യുക്തിസഹമായ വിശദീകരണം ഇതിനും ആവശ്യമുണ്ടല്ലോ.

കൊച്ചിയും മുംബൈയും അരങ്ങുതകർക്കുന്നതിനിടെയാണ് ഹെഡ്‌ലി നമ്മുടെ ഫ്യൂസ് ഊരിയത്. തങ്ങളുടെ 'സന്നദ്ധ ഭടനെ' രക്ഷിക്കുന്നതിന് എഫ്.ബി.ഐയും സി.ഐ.എയും അവസാനത്തെ അറ്റം വരെയും പോയെന്നാണ് ഒടുവിൽ വ്യക്തമാവുന്നത്. മുംബൈ ആക്രമണവുമായി ബന്ധപ്പെട്ട് ടിയാനെ ചോദ്യം ചെയ്യാൻ അനുവദിക്കണമെന്ന് പറയാനുള്ള 'ആംപിയർ' പോലും ക്രൈംബ്രാഞ്ച് മുതൽ എൻ.ഐ.എ വരെയുള്ള നമ്മുടെ ഒരു ഏജൻസിക്കും ഉണ്ടായിരുന്നില്ലല്ലോ. ഇയാളെ നിയമാനുസൃതമായി ശിക്ഷിക്കണമെന്ന കാൽക്കവിൾ പ്രസ്താവന പോലും ഇന്ത്യാ മഹാരാജ്യത്തെ ഒരു രാഷ്ട്രീയ നേതാവും പുറപ്പെടുവിച്ചതായും വിവരമില്ല. പൂനെ സംഭവത്തിൽ ഇങ്ങോർക്കു നേരെ വിരൽ ചൂണ്ടിയ ആഭ്യന്തരമന്ത്രി  അടക്കമുള്ളവരെ കുറിച്ചാണ് ഇപ്പറയുന്നത്. എന്നിട്ടിപ്പോൾ കേൾക്കുന്നത് സ്വയം കുറ്റമേൽക്കുന്നില്ലെങ്കിൽ ഹെഡ്‌ലിയുടെ കേസ് കോടതിയിൽ തെളിയാൻ പോകുന്നില്ലെന്നാണ്! 'അമീർ കസബി'നെ പോലെ രക്തസാക്ഷിയാവാൻ കക്ഷിക്കു താൽപര്യമില്ലെന്നർഥം. എങ്കിലും അമേരിക്കയുടെ മുഖം രക്ഷിക്കാൻ വേണ്ടി ചില 'കുറ്റ'ങ്ങൾ ഹെഡ്‌ലി ഏൽക്കുമെന്നും തുടർന്ന് വളരെ ലഘുവായ ശിക്ഷകൾ നൽകി കോടതി അദ്ദേഹത്തെ ശിക്ഷിക്കുമെന്നുമാണ് സൂചനകൾ. ഇത് സാധ്യമാകുന്ന രീതിയിൽ എഫ്.ബി.ഐ ചില നീക്കങ്ങൾക്കു തുടക്കമിട്ടിട്ടുണ്ട്. അമേരിക്കൻ പതിവനുസരിച്ച് പേരിനൊരു ' നല്ലനടപ്പ്' ശിക്ഷ. അഞ്ചോ ആറോ മാസം തടവ്. കുറച്ചു കാലം 'സാമൂഹിക സേവന'വും. അങ്ങനെ ഡേവിഡ് ഹെഡ്‌ലിയുടെ അധ്യായം ആരുമറിയാതെ അമേരിക്കയിൽ ഒതുക്കപ്പെടും.

പാകിസ്താൻകാരനെ ചിത്രത്തിൽ കൊണ്ടുവരാനാവുന്നില്ലെങ്കിൽ ഭീകരാക്രമണസംഭവങ്ങളെ കുറിച്ച അന്വേഷണങ്ങൾ തരിമ്പുപോലും പ്രോത്സാഹിപ്പിക്കാനാവാത്ത ചിത്രമല്ലേ  ഇന്ത്യയിലുമുള്ളത്? അല്ലെങ്കിൽ ഇന്ത്യൻ മുജാഹിദീനെ പോലെയുള്ള കടലാസു സംഘടനകളെ കുറ്റം പറയാനാവണം. ഉണ്ടെന്ന് ഇന്റലിജൻസുകാർ ഇടക്കിടെ അവകാശപ്പെടുന്നതൊഴിച്ചാൽ ഒരിക്കൽ പോലും തെളിവ് നിരത്തിയിട്ടില്ലാത്ത ഈ 'സംഘടന' എവിടെയാണാവോ പ്രവർത്തിക്കുന്നത്! ഒരിക്കൽ പറയുകയും പിന്നീട് വിഴുങ്ങുകയും ചെയ്യുന്ന, ഒരു തുടർച്ചയുമില്ലാത്ത ആരോപണങ്ങളല്ലേ ഇന്ത്യയിലെ ജിഹാദി സംഘടനകളെ കുറിച്ച പോലീസ് നിലപാടുകൾ? മറുഭാഗത്ത് നിരവധി  ബോംബ് സ്ഫോടനങ്ങളിൽ കൈയോടെ പിടിക്കപ്പെട്ടിട്ടും ആദ്യത്തെ അന്വേഷണം എന്തുകൊണ്ട് സനാതൻ സൻസ്തയുടെ നേരെ തിരിച്ചു വിടാൻ ഇപ്പോഴും പോലീസിന് കഴിയുന്നില്ല? ഒരു പ്രസ്താവന പോലും അവർക്കെതിരെ നടത്താൻ പോലീസിന് ധൈര്യമില്ലാത്തതിന്റെ കാരണം എന്തായിരിക്കാം? ■